"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് - കേരള സ്പെയ്സ് പാർക്കിന്റെ (കെസ്പെയ്സ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.ജി ലെവിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതനവ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/ITD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. 16.03.2023 തീയതിയിലെ സ.ഉ (കൈ) നം.12/2023/ഐറ്റിഡി
2. 07.02.2025 തീയതിയിലെ സ.ഉ(കൈ) നം.4/2025/ഐ.ടി.ഡി
3. കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11.08.2025 തീയതിയിലെ CEO/KSPACE/E&IT/CFO/ 960 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ.ജി ലെവിനെ കേരള സ്പെയ്സ് പാർക്കിന്റെ(കെസ്പെയ്സ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കരാർ വ്യവസ്ഥയിൽ മൂന്ന് വർഷത്തെ കാലാവധിയിൽ നിയമിക്കുകയുണ്ടായി. കെസ്പെയ്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ കരാർ നിയമനത്തിനുള്ള മൊത്തശമ്പളം പരാമർശം (2) ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. പ്രസ്തുത തസ്തികയിൽ തന്റെ സേവനകാലാവധി 2026 മാർച്ച് 19ന് അവസാനിക്കുമെന്നതിനാൽ കെസ്പെയ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിലേയ്ക്കായി കരാർ സേവനകാലാവധി 2026 മാർച്ച് 20 മുതൽ മൂന്ന് വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർഅഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്പെയ്സ് പാർക്കിന്റെ(കെസ്പെയ്സ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.ജി ലെവിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതനവ്യവസ്ഥകൾ പ്രകാരം 2026 മാർച്ച് 20 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെസ്പെയ്സ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (3421246/PU-D3/26/2026-Fin )
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ.................)
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 09-03-2026 12:06:16
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-03-2026

ഫയൽ നം. ഐ.ടി.-എ1/85/2025/ഐ.റ്റി.ഡി. ഇനം നം: 3811

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - കേരള സ്പെയ്സ് പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. ജി. ലെവിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് മന്ത്രിസഭയുടെ അംഗീകാരം തേടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

3811

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഐ.ടി-എ 1/85/2025-ഐ.റ്റി.ഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി – കേരള സ്പെയ്സ് പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.ജി ലെവിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് മന്ത്രിസഭയുടെ അംഗീകാരം തേടുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.09.2025 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | രാജേഷ് കുമാർ എം |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | സീറാം സാംബശിവ റാവു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 01.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 02.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്പെയ്സ് പാർക്കിന്റെ (കെസ്പെയ്സ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.ജി ലെവിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതനവ്യവസ്ഥകൾ നിലനിർത്തിക്കൊണ്ട് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി തേടിയാണ് ഈ കുറിപ്പ് മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്.

2.ശ്രീ.ജി ലെവിനെ മന്ത്രിസഭയുടെ അംഗീകാരത്തോടെ 16.03.2023 തീയതിയിലെ സ.ഉ (കൈ)നം.12/2023/ഐറ്റിഡി ഉത്തരവ് പ്രകാരം കെസ്പെയ്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 3 വർഷത്തെ കാലാവധിയിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ അദ്ദേഹത്തിന്റെ സേവനകാലാവധി 2026 മാർച്ച് 19 ന് അവസാനിക്കും. കെസ്പെയ്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ കരാർ നിയമനത്തിനുള്ള മൊത്തശമ്പളം 07.02.2025 തീയതിയിലെ സ.ഉ(കൈ) നം.4/2025/ഐ.ടി.ഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

3.ടെക്നോപാർക്കിൽ നിന്നും കെസ്പെയ്സിനായി കൈമാറിക്കിട്ടിയ ഭൂമിയിൽ നബാർഡിന്റെ RIDF പദ്ധതി പ്രകാരം കോമൺ ഫെസിലിറ്റി സെന്റർ (CFC), ആർ&ഡി സെന്റർ (R&D) തുടങ്ങിയവ നിർമ്മിക്കുന്നതിനും വി.എസ്.എസ്.സി.ക്ക് സമീപം 60 ഏക്കർ ഭൂമി ഏറ്റെടുത്ത് എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനും തുടക്കമിടുന്നതിലും ബഹിരാകാശമേഖലയിലെ പ്രമുഖ സ്ഥാപനങ്ങളുമായും കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും പ്രമുഖ അക്കാദമിക സ്ഥാപനങ്ങളുമായും സഹകരണത്തിനായി സുപ്രധാന ധാരണാപത്രങ്ങളിലേർപ്പെടുന്നതിലും കേരള എയ്റോ എക്സ്പോയുടെ ഉദ്ഘാടന പതിപ്പ് വിപുലമായ ഒരു വ്യാവസായിക പ്രദർശനത്തോടെ 400-ലധികം പ്രതിനിധികളെ പങ്കെടുപ്പിച്ച് കൊണ്ട് സംഘടിപ്പിക്കുന്നതിലും ശ്രീ. ലെവിൻ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

4.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ശ്രീ.ജി ലെവിന്റെ കരാർ കാലാവധി 2026 മാർച്ച് 19-ന് അവസാനിക്കുമെന്നതിനാൽ, കെസ്പെയ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിലേയ്ക്കായി അദ്ദേഹത്തിന്റെ കരാർ സേവനകാലാവധി 2026 മാർച്ച് 20 മുതൽ മൂന്ന് വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി.

5.കരാർ തസ്തികയിലെ നിയമനകാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഭരണവകുപ്പിന്റെ മാത്രം പരിധിയിൽ വരുന്ന വിഷയമായതിനാൽ അക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടേണ്ടതില്ല. ശ്രീ. ലെവിന്റെ സി.ഇ.ഒ തസ്തികയിലുള്ള കരാർ കാലാവധി 2026 മാർച്ച് 20 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ടി വിഷയം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

6.ആയതിൻപ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ, ധനകാര്യ, വിജിലൻസ് വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ചീഫ് സെക്രട്ടറി ഉത്തരവായി. ഫയൽ ധനകാര്യവകുപ്പിനു കൈമാറുകയും ആ വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

*"ശ്രീ.ലെവിന്റെ, KSPACE, CEO തസ്തികയിലുള്ള കരാർ കാലാവധി നിലവിൽ അനുവദിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ പ്രകാരം, 2026 മാർച്ച് 20 മുതൽ ഒരു വർഷത്തേക്ക്, വിജിലൻസ് ക്ലിയറൻസ് ലഭ്യമാകുന്ന മുറക്ക്, മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി, ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന് വിയോജിപ്പില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*'ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

7.ശ്രീ.ജി ലെവിന്റെ പേരിൽ വിജിലൻസ് കേസോ എൻക്വയറിയോ നിലവിലില്ല എന്ന് വിജിലൻസ് വകുപ്പും അറിയിക്കുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

ശ്രീ.ജി ലെവിന് കേരള സ്പെയ്സ് പാർക്കിന്റെ (കെസ്പെയ്സ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ കരാർ സേവനകാലാവധി നിലവിൽ അനുവദിച്ചിട്ടുള്ള സേവനവേതനവ്യവസ്ഥകൾ പ്രകാരം 2026 മാർച്ച് 20 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകാമോ?